**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2297** **21-01-2021 - ൽ മറുപടിയ്ക്ക്**

**സി.ആന്റ് എ.ജി.യുടെ നിരീക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . കെ. സി . ജോസഫ് ,<br>ശ്രീ. ടി. ജെ. വിനോദ് | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | വരുമാനം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കാതെ കടമെടുത്ത് ചെലവിട്ടത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ തകിടം മറിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | കേന്ദ്രസർക്കാർ അനുവദിക്കുന്ന കടമെടുപ്പ് പരിധിയിൽ നിന്നു മാത്രമേ ഏതൊരു സംസ്ഥാന സർക്കാരിനും വായ്പ എടുക്കാനാകൂ. എല്ലാക്കാലത്തും ഇങ്ങനെയാണ് ചെയ്യുന്നത്. നടപ്പ സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായി കേന്ദ്രസർക്കാർ നിശ്ചയിച്ചു നൽകിയിട്ടുള്ളത് GSDP യുടെ 3 ശതമാനമായ 27130 കോടി രൂപയാണ്. ഇതിന് പുറമേ കോവിഡ് മഹാമാരി സമ്പദ് വ്യവസ്ഥയിൽ സൃഷ്ടിച്ച പ്രത്യാഘാതത്തെ തുടർന്ന് സംസ്ഥാനങ്ങളുടെ വരുമാനത്തിലുണ്ടായ കുറവ് നേരിടുന്നതിനായി GSDP യുടെ 2 ശതമാനം അധിക വായ്പയായി സംസ്ഥാനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. ഈ വായ്പാ പരിധിയ്ക്കുള്ളിൽ നിന്നു കൊണ്ടു മാത്രമേ സംസ്ഥാനത്തിന് കടം എടുക്കുവാൻ കഴിയുകയുള്ളൂ. കോവിഡ് മഹാമാരി കാരണം പ്രതിസന്ധിയിലായ സമ്പദ് വ്യവസ്ഥയുടെ പുനരുജീവനത്തിന് നിശ്ചിത പരിധിക്കുള്ളിൽ നിന്നുകൊണ്ടുള്ള കടമെടുപ്പിനെ ആശ്രയിച്ചുകൊണ്ട് മാത്രമേ സാധ്യമാവുകയുള്ളൂ. |
| (ബി) | ജി.ഡി.പി.യുടെ മൂന്ന് ശതമാനത്തിന് മേൽ കടമെടുക്കാൻ പാടില്ലെന്ന നിബന്ധന മറികടക്കുന്നതിന് സർക്കാർ കിഫ്ബി വഴി നടത്തുന്ന ധനസമാഹരണം ഭരണഘടനാലംഘനവും ചട്ടവിരുദ്ധവുമാണെന്ന് സി.ആന്റ് എ.ജി. ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കിഫ്ബിയുടെ പ്രവർത്തങ്ങളെ സംബന്ധിച്ച അവാസ്തവമായ ചില നിരീക്ഷണങ്ങൾ സി.എ.ജി നടത്തുയുണ്ടായി. കിഫ്ബി വിദേശത്തു നിന്നും സമാഹരിച്ച മസാല ബോണ്ട് സംബന്ധിച്ച നിരീക്ഷണങ്ങളും ഇതിൽപ്പെടുന്നു. • കിഫ്ബി വായ്പകൾ ഭരണഘടനയുടെ അനുച്ഛേദം 293(1) ന് വിരുദ്ധമാണ്. ധന ഉത്തരവാദിത്വ നിയമത്തിലെ ധനക്കമ്മി പരിധിയുടെ ലംഘനമാണ്. • സംസ്ഥാന സർക്കാരിന്റെ ഗ്യാരണ്ടിയോടെയുള്ള കിഫ്ബി വായ്പകൾ സംസ്ഥാന സർക്കാരിന്റെ ഡയറക്ട് ലയബിലിറ്റി ആണെന്നും കണ്ടിജന്റ് ലയബിലിറ്റി അല്ല. • കിഫ്ബി വായ്പകൾ ഭരണഘടനാനുസൃതമല്ലെന്നും, ഭരണഘടന |

അനുച്ഛേദം 293 പ്രകാരമുള്ള പരിധി ലംഘിക്കുന്നതാണ്. • മസാലബോണ്ടുവഴി കിഫ്ബി ധനസമാഹരണം നടത്തിയത് കേന്ദ്ര സർക്കാരിന്റെ അധികാരത്തിലേയ്ക്കുള്ള കടന്നുകയറ്റമാണ്, ഇതിന് അനുമതി നൽകിയ റിസർവ്വ് ബാങ്ക് നടപടി സംശയാസ്പദമാണ്. എന്നാൽ സി എ ജിയുടെ ഈ നിരീക്ഷണങ്ങൾ തികച്ചും വസ്തുതാ വിരുദ്ധമായാണ് സർക്കാർ കാണുന്നത്. സി എ ജിയുടെ നിരീക്ഷണങ്ങൾ തള്ളിക്കളയുന്നതിനു അടിസ്ഥാനമായ വസ്തുതകൾ താഴെ പറയുന്നു. • ആർട്ടിക്കിൾ 293 സംസ്ഥാനങ്ങളുടെ വായ്പാ അധികാരത്തെയും പരിധിയെയും സംബന്ധിച്ചാണ് പ്രതിപാദിക്കുന്നത്. 293 (1) Borrowing by States എന്നതാണ് ഈ അനുച്ഛേദത്തിലെ വിഷയം. കിഫ്ബി നിയമസഭ പാസ്സാക്കിയ നിയമ പ്രകാരം സ്ഥാപിതമായ സ്റ്റാറ്റ്യൂട്ടറി ബോഡിയാണ്. അത് സ്റ്റേറ്റ് അല്ല. ഇത്തരം ബോഡി കോർപ്പറേറ്റുകൾ സംബന്ധിച്ചല്ല അനുച്ഛേദം 293ലെ പ്രതിപാദ്യം എന്നതു വ്യക്തമാണ്. • കിഫ്ബി ആന്വിറ്റി അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു കൺട്രോൾഡ് ലവറേജിംഗ് മോഡൽ ആണ്. അതിനുള്ള വരുമാനം നിയമ പ്രകാരം സംരക്ഷിതമാണ്. കിഫ്ബിക്ക് സ്വയം വരുമാനമില്ലായെന്നും കിഫ്ബിയുടെ ബാധ്യതകൾ സർക്കാരിന്റെ നേരിട്ടുള്ള ബാധ്യതകളാണെന്നുമുള്ള പരാമർശങ്ങൾ വസ്തുതകൾക്കും നിയമങ്ങൾക്കും വ്യവസ്ഥാപിതമായ രീതികൾക്കും വിരുദ്ധമാണ്. കിഫ്ബിയെടുക്കുന്ന വായ്പകൾ പലിശയടക്കം തിരിച്ച് അടയ്ക്കുന്നതിന് ആവശ്യമായ പണം സംസ്ഥാന ബജറ്റിൽ ഉൾക്കൊള്ളിച്ച് വാർഷിക വിഹിതമായി നൽകുന്നതിനു പുറമെ മോട്ടാർ വാഹന നികുതിയുടെ 50 ശതമാനവും, പെട്രോളിയം സെസ്സും കിഫ്ബിയ്ക്ക് ലഭ്യമാക്കുന്നു. ഇവയ്ക്ക് പുറമെ വ്യാവസായിക അടിസ്ഥാനത്തിൽ നടത്തുന്ന പദ്ധതികൾക്ക് നൽകുന്ന ധനസഹായം അത്തരം ഏജൻസികൾ പലിശ സഹിതം തിരിച്ചടയ്ക്കാൻ ബാധ്യസ്ഥരാണ്. തിരിച്ചടവ് സാധ്യമാകുന്നത്ര വായ്പ മാത്രമേ കിഫ്ബി എടുക്കുവെന്ന് കൺട്രോൾഡ് ലെവറേജിംഗ് മോഡൽ ഉറപ്പ വരുത്തുന്നുമുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ ഏറ്റവും ആധുനികമായ വിശകലന സമ്പ്രദായം ഉപയോഗിച്ചാണ് എത്ര വായ്പ, എപ്പോൾ, എങ്ങനെ എടുക്കണം എന്നൊക്കെയുള്ള നിഗമനങ്ങളിൽ എത്തുന്നത്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ കിഫ്ബിയുടെ വായ്പാതിരിച്ചടവിന് ബജറ്റിൽ ഉൾപ്പെടുത്തുന്ന വാർഷിക വിഹിതത്തിനു പുറമേ

അധിക പണം ആവശ്യമായി വരുന്നില്ല. അതിനാൽ ആത്യന്തികമായി കിഫ്ബി വായ്പ സംസ്ഥാന സർക്കാരിന്റെ ബാധ്യതയാകുമെന്ന പരാമർശത്തിന് യാതൊരു സാംഗത്യവുമില്ല. • ഭരണഘടനയുടെ ഏഴാം പട്ടികയിലെ ഒന്നാം ലിസ്റ്റിൽ ഇനം 37ന്റെ (Entry 37, list1 of the 7th Schedule of Constitution of India)പ്രകാരം Foreign loans സംബന്ധമായ നിയമം ഉണ്ടാക്കാൻ പാർലമെന്റിനു മാത്രമാണ് അധികാരം. ഈ അധികാരം ഉപയോഗിച്ച് പാർലമെന്റ് ഉണ്ടാക്കിയ നിയമമാണ് The Foreign Exchange Management Act. മസാലബോണ്ട് എക്സ്റ്റേണൽ കൊമേഴ്സ്യൽ ബോറോയിംഗ് ഗണത്തിൽപ്പെടുന്ന വായ്പയാണ്. ഫെമ നിയമമാണ് (Foreign Exchange Management Act 1999 - FEMA) ഇത്തരം വിദേശ വായ്പകൾ സംബന്ധിച്ച ലീഗൽ ഫ്രെയിം വർക്ക്. ഫെമ നിയമത്തിലെ (6(3)(d)) പ്രകാരം ഇത്തരം വായ്പകൾ റെഗുലേറ്റ് ചെയ്യുന്നതിനുള്ള അധികാരം റിസർവ്വ് ബാങ്കിൽ നിക്ഷിപ്തമാണ്. ഇതിലെ വ്യവസ്ഥകൾ പ്രകാരമാണ് ആർബിഐ മസാലബോണ്ടിന്റെ ചട്ടങ്ങൾ നിർമിച്ചതും ബോഡി കോർപ്പറേറ്റുകൾക്ക് അതിനു അനുമതി നൽകിയതും. കിഫ്ബി കേരള നിയമസഭയുടെ 1999 ലെ കിഫ് ആക്ട് പ്രകാരം രൂപീകൃതമായ ഒരു സ്റ്റാറ്റ്യൂട്ടറി സ്ഥാപനമാണ്. പ്രസ്തുത ആക്ടിലെ സെക്ഷൻ 4(2) ൽ കിഫ് ബോർഡ് ഒരു ബോഡി കോർപ്പറേറ്റ് ആണെന്ന് വ്യക്തമാക്കുന്നുണ്ട്. കിഫ്ബിയുടെ 2150 കോടി രൂപയുടെ മസാല ബോണ്ടിന് നിലനിന്നിരുന്ന എല്ലാ ചട്ടങ്ങളും പാലിച്ചാണ് 01.06.2018 ൽ ആർ.ബി.ഐ.യുടെ അനുമതി നൽകിയത്. കേരളത്തിന്റെ വികസന ചരിത്രത്തിൽ ഏറ്റവും സമഗ്രവും വിപുലവുമായ പശ്ചാത്തല സൗകര്യ സൃഷ്ടിയാണ് കിഫ്ബി ധനസഹായത്തോടെ കേരളത്തിൽ നടന്നു കൊണ്ടിരിക്കുന്നത്. 40,096.35 കോടി രൂപ അടങ്കലുള്ള 816 പശ്ചാത്തല സൗകര്യപദ്ധതികൾക്കാണ് 2020 ഡിസംബർ വരെ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്. 20,400 കോടി രൂപയുടെ ഭൂമി ഏറ്റെടുക്കൽ പദ്ധതികൾക്കും അംഗീകാരം നൽകി. കേരളത്തിന്റെ ഭാവിയെ നിർണ്ണയിക്കുന്ന ഈ സുപ്രധാന വികസന പ്രവർത്തനങ്ങളെ ദോഷമായി ബാധിക്കുന്ന തരത്തിലുള്ള നിഗമനങ്ങൾ സിഎജി സംസ്ഥാനത്തിന്റെ 2018-19 ലെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കിഫ്ബി പോലെ സർക്കാരിന്റെ സുപ്രധാനമായ ഒരു സംവിധാനത്തിനെ സംബന്ധിച്ച് വേണ്ടത്ര വ്യക്തത

| | | | |
|---|---|---|---|
| | | | വരുത്തുവാൻ ശ്രമിക്കാതെ നടത്തിയ ഇത്തരം പ്രവൃത്തി സിഎജിയുടെ ഭാഗത്ത് നിന്നും ഉണ്ടായത് ഗൗരവമായി സർക്കാർ വിലയിരുത്തുന്നു. ഈ പരാമർശങ്ങൾ നിയമസഭ നിരാകരിച്ചിട്ടുണ്ട്. തെറ്റായവിവരങ്ങൾ പ്രചരിപ്പിക്കുന്ന തിനെതിരെ ശക്തമായി മറുപടി നൽകി മുന്നോട്ടു പോകുവാനും കേരളത്തിൽ കിഫ്ബി മുഖേന നടപ്പാക്കാൻ നിശ്ചയിച്ച സുപ്രധാന അടിസ്ഥാന പദ്ധതികൾ നിശ്ചയിച്ച പ്രകാരം പൂർത്തിയാക്കുവാനുമാണ് സർക്കാരിന്റെ തീരുമാനം. |
| (സി) | കിഫ്ബിക്ക് വേണ്ടി രാജ്യത്തിന് പുറത്ത് നിന്നും പണം സമാഹരിച്ചിട്ടുണ്ടോ; അത് സംബന്ധിച്ചുള്ള സി.ആന്റ് എ.ജി.യുടെ നിരീക്ഷണം എന്താണ്; | (സി) | കിഫ്ബിയുടെ പ്രവർത്തങ്ങളെ സംബന്ധിച്ച അവാസ്തവമായ ചില നിരീക്ഷണങ്ങൾ സി.എ.ജി നടത്തുയുണ്ടായി. കിഫ്ബി വിദേശത്തു നിന്നും സമാഹരിച്ച മസാല ബോണ്ട് സംബന്ധിച്ച നിരീക്ഷണങ്ങളും ഇതിൽപ്പെടുന്നു. • കിഫ്ബി വായ്പകൾ ഭരണഘടനയുടെ അനുച്ഛേദം 293(1) ന് വിരുദ്ധമാണ്. ധന ഉത്തരവാദിത്വ നിയമത്തിലെ ധനക്കമ്മി പരിധിയുടെ ലംഘനമാണ്. • സംസ്ഥാന സർക്കാരിന്റെ ഗ്യാരണ്ടിയോടെയുള്ള കിഫ്ബി വായ്പകൾ സംസ്ഥാന സർക്കാരിന്റെ ഡയറക്ട് ലയബിലിറ്റി ആണെന്നും കണ്ടിജന്റ് ലയബിലിറ്റി അല്ല. • കിഫ്ബി വായ്പകൾ ഭരണഘടനാനുസൃതമല്ലെന്നും, ഭരണഘടന അനുച്ഛേദം 293 പ്രകാരമുള്ള പരിധി ലംഘിക്കുന്നതാണ്. • മസാലബോണ്ടുവഴി കിഫ്ബി ധനസമാഹരണം നടത്തിയത് കേന്ദ്ര സർക്കാരിന്റെ അധികാരത്തിലേയ്ക്കുള്ള കടന്നുകയറ്റമാണ്, ഇതിന് അനുമതി നൽകിയ റിസർവ്വ് ബാങ്ക് നടപടി സംശയാസ്പദമാണ്. എന്നാൽ സി എ ജിയുടെ ഈ നിരീക്ഷണങ്ങൾ തികച്ചും വസ്തുതാ വിരുദ്ധമായാണ് സർക്കാർ കാണുന്നത്. സി എ ജിയുടെ നിരീക്ഷണങ്ങൾ തള്ളിക്കളയുന്നതിനു അടിസ്ഥാനമായ വസ്തുതകൾ താഴെ പറയുന്നു. • ആർട്ടിക്കിൾ 293 സംസ്ഥാനങ്ങളുടെ വായ്പാ അധികാരത്തെയും പരിധിയെയും സംബന്ധിച്ചാണ് പ്രതിപാദിക്കുന്നത്. 293 (1) Borrowing by States എന്നതാണ് ഈ അനുച്ഛേദത്തിലെ വിഷയം. കിഫ്ബി നിയമസഭ പാസ്സാക്കിയ നിയമ പ്രകാരം സ്ഥാപിതമായ സ്റ്റാറ്റ്യൂട്ടറി ബോഡിയാണ്. അത് സ്റ്റേറ്റ് അല്ല. ഇത്തരം ബോഡി കോർപ്പറേറ്റുകൾ സംബന്ധിച്ചല്ല അനുച്ഛേദം 293ലെ പ്രതിപാദ്യം എന്നതു വ്യക്തമാണ്. • കിഫ്ബി ആന്വിറ്റി അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു കൺട്രോൾഡ് ലവറേജിംഗ് മോഡൽ ആണ്. അതിനുള്ള വരുമാനം നിയമ പ്രകാരം സംരക്ഷിതമാണ്. കിഫ്ബിക്ക് സ്വയം |

വരുമാനമില്ലായെന്നും കിഫ്ബിയുടെ ബാധ്യതകൾ സർക്കാരിന്റെ നേരിട്ടുള്ള ബാധ്യതകളാണെന്നുമുള്ള പരാമർശങ്ങൾ വസ്തുതകൾക്കും നിയമങ്ങൾക്കും വ്യവസ്ഥാപിതമായ രീതികൾക്കും വിരുദ്ധമാണ്. കിഫ്ബിയെടുക്കുന്ന വായ്പകൾ പലിശയടക്കം തിരിച്ച് അടയ്ക്കുന്നതിന് ആവശ്യമായ പണം സംസ്ഥാന ബജറ്റിൽ ഉൾക്കൊള്ളിച്ച് വാർഷിക വിഹിതമായി നൽകുന്നതിനു പുറമെ മോട്ടാർ വാഹന നികുതിയുടെ 50 ശതമാനവും, പെട്രോളിയം സെസ്സും കിഫ്ബിയ്ക്ക് ലഭ്യമാക്കുന്നു. ഇവയ്ക്ക് പുറമെ വ്യാവസായിക അടിസ്ഥാനത്തിൽ നടത്തുന്ന പദ്ധതികൾക്ക് നൽകുന്ന ധനസഹായം അത്തരം ഏജൻസികൾ പലിശ സഹിതം തിരിച്ചടയ്ക്കാൻ ബാധ്യസ്ഥരാണ്. തിരിച്ചടവ് സാധ്യമാകുന്നത്ര വായ്പ മാത്രമേ കിഫ്ബി എടുക്കുവെന്ന് കൺട്രോൾഡ് ലെവറേജിംഗ് മോഡൽ ഉറപ്പ വരുത്തുന്നുമുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ ഏറ്റവും ആധുനികമായ വിശകലന സമ്പ്രദായം ഉപയോഗിച്ചാണ് എത്ര വായ്പ, എപ്പോൾ, എങ്ങനെ എടുക്കണം എന്നൊക്കെയുള്ള നിഗമനങ്ങളിൽ എത്തുന്നത്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ കിഫ്ബിയുടെ വായ്പാതിരിച്ചടവിന് ബജറ്റിൽ ഉൾപ്പെടുത്തുന്ന വാർഷിക വിഹിതത്തിനു പുറമേ അധിക പണം ആവശ്യമായി വരുന്നില്ല. അതിനാൽ ആത്യന്തികമായി കിഫ്ബി വായ്പ സംസ്ഥാന സർക്കാരിന്റെ ബാധ്യതയാകുമെന്ന പരാമർശത്തിന് യാതൊരു സാംഗത്യവുമില്ല. • ഭരണഘടനയുടെ ഏഴാം പട്ടികയിലെ ഒന്നാം ലിസ്റ്റിൽ ഇനം 37ന്റെ (Entry 37, list1 of the 7th Schedule of Constitution of India)പ്രകാരം Foreign loans സംബന്ധമായ നിയമം ഉണ്ടാക്കാൻ പാർലമെന്റിനു മാത്രമാണ് അധികാരം. ഈ അധികാരം ഉപയോഗിച്ച് പാർലമെന്റ് ഉണ്ടാക്കിയ നിയമമാണ് The Foreign Exchange Management Act. മസാലബോണ്ട് എക്സ്റ്റേണൽ കൊമേഴ്സ്യൽ ബോറോയിംഗ് ഗണത്തിൽപ്പെടുന്ന വായ്പയാണ്. ഫെമ നിയമമാണ് (Foreign Exchange Management Act 1999 - FEMA) ഇത്തരം വിദേശ വായ്പകൾ സംബന്ധിച്ച ലീഗൽ ഫ്രെയിം വർക്ക്. ഫെമ നിയമത്തിലെ (6(3)(d)) പ്രകാരം ഇത്തരം വായ്പകൾ റെഗുലേറ്റ് ചെയ്യുന്നതിനുള്ള അധികാരം റിസർവ്വ് ബാങ്കിൽ നിക്ഷിപ്തമാണ്. ഇതിലെ വ്യവസ്ഥകൾ പ്രകാരമാണ് ആർബിഐ മസാലബോണ്ടിന്റെ ചട്ടങ്ങൾ നിർമിച്ചതും ബോഡി കോർപ്പറേറ്റുകൾക്ക് അതിനു അനുമതി നൽകിയതും. കിഫ്ബി കേരള നിയമസഭയുടെ 1999 ലെ കിഫ്

| | | | |
|---|---|---|---|
| | | | ആക്ട് പ്രകാരം രൂപീകൃതമായ ഒരു സ്റ്റാറ്റ്യൂട്ടറി സ്ഥാപനമാണ്. പ്രസ്തുത ആക്ടിലെ സെക്ഷൻ 4(2) ൽ കിഫ് ബോർഡ് ഒരു ബോഡി കോർപ്പറേറ്റ് ആണെന്ന് വ്യക്തമാക്കുന്നുണ്ട്. കിഫ്ബിയുടെ 2150 കോടി രൂപയുടെ മസാല ബോണ്ടിന് നിലനിന്നിരുന്ന എല്ലാ ചട്ടങ്ങളും പാലിച്ചാണ് 01.06.2018 ൽ ആർ.ബി.ഐ.യുടെ അനുമതി നൽകിയത്. കേരളത്തിന്റെ വികസന ചരിത്രത്തിൽ ഏറ്റവും സമഗ്രവും വിപുലവുമായ പശ്ചാത്തല സൗകര്യ സൃഷ്ടിയാണ് കിഫ്ബി ധനസഹായത്തോടെ കേരളത്തിൽ നടന്നു കൊണ്ടിരിക്കുന്നത്. 40,096.35 കോടി രൂപ അടങ്കലുള്ള 816 പശ്ചാത്തല സൗകര്യപദ്ധതികൾക്കാണ് 2020 ഡിസംബർ വരെ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്. 20,400 കോടി രൂപയുടെ ഭൂമി ഏറ്റെടുക്കൽ പദ്ധതികൾക്കും അംഗീകാരം നൽകി. കേരളത്തിന്റെ ഭാവിയെ നിർണ്ണയിക്കുന്ന ഈ സുപ്രധാന വികസന പ്രവർത്തനങ്ങളെ ദോഷമായി ബാധിക്കുന്ന തരത്തിലുള്ള നിഗമനങ്ങൾ സിഎജി സംസ്ഥാനത്തിന്റെ 2018-19 ലെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കിഫ്ബി പോലെ സർക്കാരിന്റെ സുപ്രധാനമായ ഒരു സംവിധാനത്തിനെ സംബന്ധിച്ച് വേണ്ടത്ര വ്യക്തത വരുത്തുവാൻ ശ്രമിക്കാതെ നടത്തിയ ഇത്തരം പ്രവൃത്തി സിഎജിയുടെ ഭാഗത്ത് നിന്നും ഉണ്ടായത് ഗൗരവമായി സർക്കാർ വിലയിരുത്തുന്നു. ഈ പരാമർശങ്ങൾ നിയമസഭ നിരാകരിച്ചിട്ടുണ്ട്. തെറ്റായവിവരങ്ങൾ പ്രചരിപ്പിക്കുന്ന തിനെതിരെ ശക്തമായി മറുപടി നൽകി മുന്നോട്ട് പോകുവാനും കേരളത്തിൽ കിഫ്ബി മുഖേന നടപ്പാക്കാൻ നിശ്ചയിച്ച സുപ്രധാന അടിസ്ഥാന പദ്ധതികൾ നിശ്ചയിച്ച പ്രകാരം പൂർത്തിയാക്കുവാനുമാണ് സർക്കാരിന്റെ തീരുമാനം. |
| (ഡി) | സി.ആന്റ് എ.ജി.യുടെ നിരീക്ഷണത്തോടും നിഗമനങ്ങളോടും സർക്കാർ യോജിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വെളിപ്പെടുത്താമോ? | (ഡി) | കിഫ്ബിയുടെ പ്രവർത്തങ്ങളെ സംബന്ധിച്ച അവാസ്തവമായ ചില നിരീക്ഷണങ്ങൾ സി.എ.ജി നടത്തുയുണ്ടായി. കിഫ്ബി വിദേശത്തു നിന്നും സമാഹരിച്ച മസാല ബോണ്ട് സംബന്ധിച്ച നിരീക്ഷണങ്ങളും ഇതിൽപ്പെടുന്നു. • കിഫ്ബി വായ്പകൾ ഭരണഘടനയുടെ അനുച്ഛേദം 293(1) ന് വിരുദ്ധമാണ്. ധന ഉത്തരവാദിത്വ നിയമത്തിലെ ധനക്കമ്മി പരിധിയുടെ ലംഘനമാണ്. • സംസ്ഥാന സർക്കാരിന്റെ ഗ്യാരണ്ടിയോടെയുള്ള കിഫ്ബി വായ്പകൾ സംസ്ഥാന സർക്കാരിന്റെ ഡയറക്ട് ലയബിലിറ്റി ആണെന്നും കണ്ടിജന്റ് ലയബിലിറ്റി അല്ല. • കിഫ്ബി വായ്പകൾ ഭരണഘടനാനുസൃതമല്ലെന്നും, ഭരണഘടന |

അനുച്ഛേദം 293 പ്രകാരമുള്ള പരിധി ലംഘിക്കുന്നതാണ്. • മസാലബോണ്ടുവഴി കിഫ്ബി ധനസമാഹരണം നടത്തിയത് കേന്ദ്ര സർക്കാരിന്റെ അധികാരത്തിലേയ്ക്കുള്ള കടന്നുകയറ്റമാണ്, ഇതിന് അനുമതി നൽകിയ റിസർവ്വ് ബാങ്ക് നടപടി സംശയാസ്പദമാണ്. എന്നാൽ സി എ ജിയുടെ ഈ നിരീക്ഷണങ്ങൾ തികച്ചും വസ്തുതാ വിരുദ്ധമായാണ് സർക്കാർ കാണുന്നത്. സി എ ജിയുടെ നിരീക്ഷണങ്ങൾ തള്ളിക്കളയുന്നതിനു അടിസ്ഥാനമായ വസ്തുതകൾ താഴെ പറയുന്നു. • ആർട്ടിക്കിൾ 293 സംസ്ഥാനങ്ങളുടെ വായ്പാ അധികാരത്തെയും പരിധിയെയും സംബന്ധിച്ചാണ് പ്രതിപാദിക്കുന്നത്. 293 (1) Borrowing by States എന്നതാണ് ഈ അനുച്ഛേദത്തിലെ വിഷയം. കിഫ്ബി നിയമസഭ പാസ്സാക്കിയ നിയമ പ്രകാരം സ്ഥാപിതമായ സ്റ്റാറ്റ്യൂട്ടറി ബോഡിയാണ്. അത് സ്റ്റേറ്റ് അല്ല. ഇത്തരം ബോഡി കോർപ്പറേറ്റുകൾ സംബന്ധിച്ചല്ല അനുച്ഛേദം 293ലെ പ്രതിപാദ്യം എന്നതു വ്യക്തമാണ്. • കിഫ്ബി ആന്വിറ്റി അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു കൺട്രോൾഡ് ലവറേജിംഗ് മോഡൽ ആണ്. അതിനുള്ള വരുമാനം നിയമ പ്രകാരം സംരക്ഷിതമാണ്. കിഫ്ബിക്ക് സ്വയം വരുമാനമില്ലായെന്നും കിഫ്ബിയുടെ ബാധ്യതകൾ സർക്കാരിന്റെ നേരിട്ടുള്ള ബാധ്യതകളാണെന്നുമുള്ള പരാമർശങ്ങൾ വസ്തുതകൾക്കും നിയമങ്ങൾക്കും വ്യവസ്ഥാപിതമായ രീതികൾക്കും വിരുദ്ധമാണ്. കിഫ്ബിയെടുക്കുന്ന വായ്പകൾ പലിശയടക്കം തിരിച്ച് അടയ്ക്കുന്നതിന് ആവശ്യമായ പണം സംസ്ഥാന ബജറ്റിൽ ഉൾക്കൊള്ളിച്ച് വാർഷിക വിഹിതമായി നൽകുന്നതിനു പുറമെ മോട്ടാർ വാഹന നികുതിയുടെ 50 ശതമാനവും, പെട്രോളിയം സെസ്സും കിഫ്ബിയ്ക്ക് ലഭ്യമാക്കുന്നു. ഇവയ്ക്ക് പുറമെ വ്യാവസായിക അടിസ്ഥാനത്തിൽ നടത്തുന്ന പദ്ധതികൾക്ക് നൽകുന്ന ധനസഹായം അത്തരം ഏജൻസികൾ പലിശ സഹിതം തിരിച്ചടയ്ക്കാൻ ബാധ്യസ്ഥരാണ്. തിരിച്ചടവ് സാധ്യമാകുന്നത്ര വായ്പ മാത്രമേ കിഫ്ബി എടുക്കുവെന്ന് കൺട്രോൾഡ് ലെവറേജിംഗ് മോഡൽ ഉറപ്പ വരുത്തുന്നുമുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ ഏറ്റവും ആധുനികമായ വിശകലന സമ്പ്രദായം ഉപയോഗിച്ചാണ് എത്ര വായ്പ, എപ്പോൾ, എങ്ങനെ എടുക്കണം എന്നൊക്കെയുള്ള നിഗമനങ്ങളിൽ എത്തുന്നത്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ കിഫ്ബിയുടെ വായ്പാതിരിച്ചടവിന് ബജറ്റിൽ ഉൾപ്പെടുത്തുന്ന വാർഷിക വിഹിതത്തിനു പുറമേ

അധിക പണം ആവശ്യമായി വരുന്നില്ല. അതിനാൽ ആത്യന്തികമായി കിഫ്ബി വായ്പ സംസ്ഥാന സർക്കാരിന്റെ ബാധ്യതയാകുമെന്ന പരാമർശത്തിന് യാതൊരു സാംഗത്യവുമില്ല. • ഭരണഘടനയുടെ ഏഴാം പട്ടികയിലെ ഒന്നാം ലിസ്റ്റിൽ ഇനം 37ന്റെ (Entry 37, list1 of the 7th Schedule of Constitution of India)പ്രകാരം Foreign loans സംബന്ധമായ നിയമം ഉണ്ടാക്കാൻ പാർലമെന്റിനു മാത്രമാണ് അധികാരം. ഈ അധികാരം ഉപയോഗിച്ച് പാർലമെന്റ് ഉണ്ടാക്കിയ നിയമമാണ് The Foreign Exchange Management Act. മസാലബോണ്ട് എക്സ്റ്റേണൽ കൊമേഴ്സ്യൽ ബോറോയിംഗ് ഗണത്തിൽപ്പെടുന്ന വായ്പയാണ്. ഫെമ നിയമമാണ് (Foreign Exchange Management Act 1999 - FEMA) ഇത്തരം വിദേശ വായ്പകൾ സംബന്ധിച്ച ലീഗൽ ഫ്രെയിം വർക്ക്. ഫെമ നിയമത്തിലെ (6(3)(d)) പ്രകാരം ഇത്തരം വായ്പകൾ റെഗുലേറ്റ് ചെയ്യുന്നതിനുള്ള അധികാരം റിസർവ്വ് ബാങ്കിൽ നിക്ഷിപ്തമാണ്. ഇതിലെ വ്യവസ്ഥകൾ പ്രകാരമാണ് ആർബിഐ മസാലബോണ്ടിന്റെ ചട്ടങ്ങൾ നിർമിച്ചതും ബോഡി കോർപ്പറേറ്റുകൾക്ക് അതിനു അനുമതി നൽകിയതും. കിഫ്ബി കേരള നിയമസഭയുടെ 1999 ലെ കിഫ് ആക്ട് പ്രകാരം രൂപീകൃതമായ ഒരു സ്റ്റാറ്റ്യൂട്ടറി സ്ഥാപനമാണ്. പ്രസ്തുത ആക്ടിലെ സെക്ഷൻ 4(2) ൽ കിഫ് ബോർഡ് ഒരു ബോഡി കോർപ്പറേറ്റ് ആണെന്ന് വ്യക്തമാക്കുന്നുണ്ട്. കിഫ്ബിയുടെ 2150 കോടി രൂപയുടെ മസാല ബോണ്ടിന് നിലനിന്നിരുന്ന എല്ലാ ചട്ടങ്ങളും പാലിച്ചാണ് 01.06.2018 ൽ ആർ.ബി.ഐ.യുടെ അനുമതി നൽകിയത്. കേരളത്തിന്റെ വികസന ചരിത്രത്തിൽ ഏറ്റവും സമഗ്രവും വിപുലവുമായ പശ്ചാത്തല സൗകര്യ സൃഷ്ടിയാണ് കിഫ്ബി ധനസഹായത്തോടെ കേരളത്തിൽ നടന്നു കൊണ്ടിരിക്കുന്നത്. 40,096.35 കോടി രൂപ അടങ്കലുള്ള 816 പശ്ചാത്തല സൗകര്യപദ്ധതികൾക്കാണ് 2020 ഡിസംബർ വരെ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്. 20,400 കോടി രൂപയുടെ ഭൂമി ഏറ്റെടുക്കൽ പദ്ധതികൾക്കും അംഗീകാരം നൽകി. കേരളത്തിന്റെ ഭാവിയെ നിർണ്ണയിക്കുന്ന ഈ സുപ്രധാന വികസന പ്രവർത്തനങ്ങളെ ദോഷമായി ബാധിക്കുന്ന തരത്തിലുള്ള നിഗമനങ്ങൾ സിഎജി സംസ്ഥാനത്തിന്റെ 2018-19 ലെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കിഫ്ബി പോലെ സർക്കാരിന്റെ സുപ്രധാനമായ ഒരു സംവിധാനത്തിനെ സംബന്ധിച്ച് വേണ്ടത്ര വ്യക്തത

| | | | |
|---|---|---|---|
| | | | വരുത്തുവാൻ ശ്രമിക്കാതെ നടത്തിയ ഇത്തരം പ്രവൃത്തി സിഎജിയുടെ ഭാഗത്ത് നിന്നും ഉണ്ടായത് ഗൗരവമായി സർക്കാർ വിലയിരുത്തുന്നു. ഈ പരാമർശങ്ങൾ നിയമസഭ നിരാകരിച്ചിട്ടുണ്ട്. തെറ്റായവിവരങ്ങൾ പ്രചരിപ്പിക്കുന്ന തിനെതിരെ ശക്തമായി മറുപടി നൽകി മുന്നോട്ടു പോകുവാനും കേരളത്തിൽ കിഫ്ബി മുഖേന നടപ്പാക്കാൻ നിശ്ചയിച്ച സുപ്രധാന അടിസ്ഥാന പദ്ധതികൾ നിശ്ചയിച്ച പ്രകാരം പൂർത്തിയാക്കുവാനുമാണ് സർക്കാരിന്റെ തീരുമാനം. |

സെക്ഷൻ ഓഫീസർ